പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2695

10/12/2014-ൽ മറുപടിയ്ക്ക്

**ക്ഷേത്ര നിയമനങ്ങളിലെ ജാതി വിവേചനം**

ചോദ്യം

ഡോ: ടി.എം. തോമസ് ഐസക്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. നാരായണൻ
ശ്രീ. എം. ചന്ദ്രൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങളിൽ ജാതി വിവേചനം ഇല്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നത് ക്ഷേത്രഭരണാധികാരികളാണ്. നിയമനങ്ങളിലെ നിയമപരമായ സാധുത പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള ചുമതല മാത്രമാണ് ബോർഡ് നിർവ്വഹിച്ചുവരുന്നത്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഗുരുവായൂർ ദേവസ്വം ആക്ട് ആൻറ് റൂൾസ് 19, 1983 -ലെ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ 8 വ്യവസ്ഥകൾ പ്രകാരം നിയമനങ്ങളിൽ എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്ക് 10% സംവരണം വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| ബി) കൊച്ചി ദേവസ്വം ബോർഡും മലബാർ ദേവസ്വം ബോർഡും ക്ഷേത്ര നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ; | ബി) & സി) കൊച്ചിൻ ദേവസ്വത്തിൽ നിലവിൽ പാലിച്ചുവന്നിരുന്ന മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ചാണ് നിയമനങ്ങൾ നടത്തിവന്നിരുന്നത്. ക്ഷേത്ര നിയമനങ്ങളിൽ ജാതി മാനദണ്ഡമാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് ഇതുവരെ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |
| സി) പ്രസ്തുത ദേവസ്വം ബോർഡുകളിലെ കമ്മീഷണർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | |

ഡി) സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളും ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ ഉത്തരവ് നൽകുമോ?

ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിട്ടില്ല. ശാന്തി നിയമനത്തിൽ ജാതി പരിഗണിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ മേൽശാന്തി, കീഴേടം ക്ഷേത്രങ്ങളിലെ ശാന്തിക്കാർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണ സമിതി അതാത് സമയത്ത് നിശ്ചയിക്കുന്ന യോഗ്യതകളെയാണ് പരിഗണിച്ചുവരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെയും കീഴേടം ക്ഷേത്രങ്ങളിലെയും, ആചാരാനുഷ്ഠാനങ്ങളും, കീഴ്‌വഴക്കങ്ങളും ഈ നിയമന കാര്യങ്ങളിൽ ഗുരുവായൂർ ദേവസ്വം ഭരണ സമിതി പരിഗണിച്ചുവരുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തിക്കാരെ നിശ്ചയിക്കുന്നത് പാരമ്പര്യ അവകാശ പ്രകാരമാണ്. 13 ഇല്ലങ്ങളിലെ പാരമ്പര്യ അവകാശികളെയാണ് ഗുരുവായൂർ ക്ഷേത്രത്തിൽ കീഴ് ശാന്തിമാരായി നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ